(സി) STPI-യുടെ കണക്കനുസരിച്ച് പ്രത്യേക സാമ്പത്തിക മേഖലകളിൽ നിന്നും ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിൽനിന്നും 2007-08-ൽ 1143.82 കോടി രൂപയുടെയും 2008-09-ൽ 1818.28 കോടി രൂപയുടെയും 2009-10-ൽ 2004.91 കോടി രൂപയുടെയും വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്.

(ഡി) STPI -യുടെ കണക്കനുസരിച്ച് 204 STPI യൂണിറ്റുകളും 19 SEZ യൂണിറ്റുകളും ഐ.ടി. കയറ്റുമതിയിൽ ഏർപ്പെട്ടുവരുന്നു.

(ഇ) മാർക്കറ്റിംഗ് രംഗത്ത് കൂടുതൽ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾ, രാജ്യാന്തര നിലവാരം പുലർത്തുന്ന അടിസ്ഥാന സൗകര്യ വികസനം, മാനവ വിഭവശേഷിയുടെ മെച്ചപ്പെടുത്തൽ തുടങ്ങിയവ വഴി ഐ.ടി. കയറ്റുതി വളർച്ചാനിരക്ക് വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കാസർഗോഡ് ജില്ലയിൽ ഭാഷാ ന്യൂനപക്ഷക്കാരുടെ സംരക്ഷണം

19 (4355) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ഭാഷാ ന്യൂനപക്ഷക്കാരുടെ സംരക്ഷണം മുൻനിർത്തി എന്തെങ്കിലും പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളായി അംഗീകരിക്കപ്പെട്ടിട്ടുള്ള കാസർഗോഡ് താലൂക്ക് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ഭാഷാ ന്യൂനപക്ഷക്കാരുടെ സംരക്ഷണം മുൻനിർത്തി താഴെപ്പറയുന്ന പരിരക്ഷകൾ നിലവിൽ നൽകിവരുന്നുണ്ട്. നിലവിൽ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിൽ എല്ലാ സർക്കാർ ഉത്തരവുകളും സർക്കുലറുകളും ഫാറം എന്നിവ അതാത് പ്രദേശങ്ങളിലെ ജനങ്ങൾ സംസാരിക്കുന്ന ഭാഷയിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. രജിസ്റ്റർ ചെയ്യേണ്ട എല്ലാ പ്രമാണങ്ങളും പ്രസ്തുത ഭാഷയിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുവാദമുണ്ട്. ന്യൂനപക്ഷ പ്രദേശങ്ങളിലെ എല്ലാ സർക്കാർ ഓഫീസുകളിലും ന്യൂനപക്ഷ ഭാഷയിൽ വ്യവഹാരം നടത്തുന്നതിനുള്ള അനുവാദമുണ്ട്. ടി പ്രദേശങ്ങളിലെ സർക്കാർ ആഫീസുകളിൽ ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നുണ്ട്. പൊതുജനങ്ങളുമായി നേരിട്ട് സമ്പർക്കം പുലർത്തേണ്ടി വരുന്ന വകുപ്പുകളിലെ തസ്തികകളിൽ ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമില്ലാത്ത ഉദ്യോഗസ്ഥരാണെങ്കിൽ അവർക്ക് പകരം ടി ഭാഷ കൈകാര്യം ചെയ്യാൻ അറിയാവുന്ന ഉദ്യോഗസ്ഥരെ മുൻഗണനാക്രമം മറികടന്ന് നിയമിക്കുന്നുണ്ട്. ഇപ്രകാരം എല്ലാ വകുപ്പുകളിലെയും ലോവർ എക്സിക്യൂട്ടീവ് തസ്തികമുതൽ മുകളിലേക്കുള്ള തസ്തികകളിൽ നിയമനം നൽകിവരുന്നുണ്ട്. ഭാഷാ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അവരുടെ മാതൃഭാഷയിൽ പഠനം നടത്തുവാൻ എല്ലാ ഭാഷാ/വിഷയങ്ങൾക്കുമുള്ള പുസ്തകങ്ങൾ ന്യൂനപക്ഷഭാഷയിൽ പ്രസിദ്ധീകരിച്ചു നൽകാറുണ്ട്. പ്രസ്തുത പ്രദേശങ്ങളിലെ സ്കൂളുകളിൽ ഭാഷാ പരിജ്ഞാനമുള്ള അദ്ധ്യാപകരില്ലാത്ത സാഹചര്യത്തിൽ ഭാഷാപരിജ്ഞാനമുള്ള

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകരെ കരാറടിസ്ഥാനത്തിൽ നിയമിച്ചു വരുന്നു. ന്യൂനപക്ഷപ്രദേശങ്ങളിലെ സ്കൂളുകളിൽ ന്യൂനപക്ഷഭാഷയിൽ പഠനം നടത്തുവാൻ സമാന്തരക്ലാസ്സുകൾ അനുവദിക്കാറുണ്ട്. സർക്കാർ/എയ്ഡഡ് മേഖലയിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലും കോളേജുകളിലും ഭാഷാ ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 5% സംവരണം നൽകി വരുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിവരുന്ന വിവിധ മത്സരപരീക്ഷകളിൽ പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് അവരുടെ മാതൃഭാഷയിൽ പരീക്ഷ എഴുതുവാനുള്ള അനുവാദം നൽകി വരുന്നു. ഇതുകൂടാതെ പുതുതായി പദ്ധതികളൊന്നും ആരംഭിക്കുവാൻ തല്ക്കാലം ഉദ്ദേശിക്കുന്നില്ല.

ഇതുകൂടാതെ മഞ്ചേശ്വരത്ത് തുളുഭാഷയുടെ ഉന്നമനം ലക്ഷ്യമാക്കി തുളു അക്കാഡമി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സർക്കാർ സർവ്വീസിലേക്ക് ആശ്രിത നിയമനം ലഭിക്കുന്നതിന് പാലിക്കേണ്ട നിയമങ്ങൾ

20 (4357) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലേക്ക് ആശ്രിതനിയമനം നൽകുന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) ആശ്രിത നിയമനം ലഭിക്കുന്നതിന് അർഹരായവർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി & സി) ആശ്രിത നിയമനം ലഭിക്കുന്നതിന് അർഹരായവർ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ 24-5-1999-ലെ സ.ഉ(പി) 12/99/ഉ.ഭ.പ.വ.നം. ഉത്തരവിൽ പരാമർശിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകൾ ഉള്ളടക്കം ചെയ്യുന്നു.*

വിരമിക്കൽ തീയതി ഏകീകരിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ

21 (4358) ശ്രീ. പള്ളിപ്രം ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ റിട്ടയർമെന്റ് തീയതി ഏകീകരിച്ചിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly